**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2368** — **02-08-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അറ്റകുറ്റപ്പണി, റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ, അഴുക്ക്ചാൽ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് നിലവിൽ ഏതെല്ലാം പ്രൊപ്പോസലുകളാണ് ഉള്ളതെന്നും പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ? | (എ) | ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുണ്ടായിരുന്ന ദേശീയപാത 966 നെ 12/05/2020 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം S.O.1507(E) പ്രകാരം ഭാരതമാല പരിയോജനയിൽ ഉൾപ്പെടുത്തി 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊണ്ടോട്ടി ഠൗൺ വരുന്ന ഭാഗത്തെ അറ്റകുറ്റപ്പണികൾക്കായി 13.66 ലക്ഷം രൂപയുടെ ഭരണാനുമതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. നിരത്തു വിഭാഗത്തിനു കീഴിൽ ഫണ്ട് ലഭ്യത അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ